# SSLC MODEL EXAMINATION, FEBRUARY- 2024

## SOCIAL SCIENCE (ANSWER KEY)

*COLIN JOSE.E*
*DR.AMMR GOVT HSS KATTELA.*
*THIRUVANATHAPURAM*

*BIJU.M*
*GHSS PARAPPA*
*KASARGOD*


| Qn No | ഉത്തര സൂചകങ്ങൾ | score |
|---|---|---|
| | **PART - A** | |
| **1** | **ഇന്ത്യയിലെ ഏറ്റവും വലിയ എണ്ണപ്പാടം :**<br>(D) മുംബൈ ഹൈ | **1** |
| **2** | **1929 ലെ ലാഹോർ സമ്മേളനത്തിന്റെ അധ്യക്ഷൻ:**<br>(C) ജവഹർലാൽ നെഹ്റു | **1** |
| **3** | **ദേശീയതലത്തിൽ അഴിമതി തടയുന്നതിനായി രൂപം നൽകിയിരിക്കുന്ന സ്ഥാപനം:**<br>(A) ലോകായുക്ത | **1** |
| **4** | **ഒരു ചതുരശ്രകിലോമീറ്റർ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ എണ്ണം:**<br>(B) ജനസാന്ദ്രത | **1** |
| **5** | **താഴെ തന്നിരിക്കുന്നവയിൽ ഇന്ത്യയിലെ ശൈത്യകാലത്തിന്റെ പ്രത്യേകത:**<br>(C) പശ്ചിമഅസ്വസ്ഥത | **1** |
| **6** | **സമൂഹശാസ്ത്ര പഠനത്തിന്റെ പ്രാധാന്യം:**<br>• സമൂഹത്തെക്കുറിച്ചുള്ള ശരിയായ ധാരണ രൂപീകരിക്കാൻ സഹായിക്കുന്നു.<br>• സ്വന്തം സമൂഹത്തെയും മറ്റുള്ളവരുടെ സമൂഹത്തെയും വസ്തുനിഷ്ഠമായറിയാൻ സഹായിക്കുന്നു.<br>• വ്യക്തിയും സാമൂഹിക സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ സഹായിക്കുന്നു.<br>• സാമൂഹികപ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുന്നു.<br>• സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്താൻ സഹായിക്കുന്നു.<br>• സാമൂഹികാസൂത്രണത്തിനും വികസനത്തിനും പ്രയോജനപ്പെടുന്നു.<br>• പിന്നാക്കവിഭാഗങ്ങൾ, ചൂഷിതർ, വിവേചനത്തിനും പീഡനത്തിനും വിധേയരാവുന്നവർ എന്നിവരെക്കുറിച്ചുള്ള പഠനങ്ങൾ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് മാർഗദർശനമായിത്തീരുന്നു. | **3** |
| **7** | **ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ:**<br>• ശ്രേണിപരമായ സംഘാടനം<br>• സ്ഥിരത<br>• യോഗ്യത അടിസ്ഥാനമാക്കി നിയമനം<br>• രാഷ്ട്രീയ നിഷ്പക്ഷത | **3** |

<table>
<tr><td></td><td><ul><li>വൈദഗ്ധ്യം</li></ul></td><td></td></tr>
<tr><td>8</td><td>കിഴക്കൻ മലനിരകൾ:
<ul>
<li>സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 500 മുതൽ 3000 മീറ്റർ വരെ ഉയരം.</li>
<li>പൂർവാചൽ എന്നും അറിയപ്പെടുന്നു.</li>
<li>ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമായ ചിറാപുഞ്ചി ഇവിടെയാണ്.</li>
<li>നിബിഡമായ ഉഷ്ണമേഖലാ മഴക്കാടുകളുണ്ട്.</li>
</ul></td><td>3</td></tr>
<tr><td>9</td><td>കാർഷികകാലങ്ങൾ:
<table>
<tr><th>കാർഷികകാലം</th><th>വിളയിറക്കൽ കാലം</th><th>വിളവെടുപ്പ് കാലം</th><th>പ്രധാന വിളകൾ</th></tr>
<tr><td>ഖരീഫ്</td><td>ജൂൺ (മൺസൂണിന്റെ ആരംഭം)</td><td>നവംബർ ആദ്യവാരം (മൺസൂണിന്റെ അവസാനം)</td><td>നെല്ല്, ചോളം, പരുത്തി, തിനവിളകൾ, ചണം കരിമ്പ്, നിലക്കടല</td></tr>
<tr><td>റാബി</td><td>നവംബർ മധ്യം (ശൈത്യകാലാരംഭം)</td><td>മാർച്ച് (വേനലിന്റെ ആരംഭം)</td><td>ഗോതമ്പ്, പുകയില, കടുക്, പയർവർഗ്ഗങ്ങൾ</td></tr>
<tr><td>സൈദ്</td><td>മാർച്ച് (വേനലിന്റെ ആരംഭം)</td><td>ജൂൺ(മൺസൂണിന്റെ ആരംഭം)</td><td>പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ</td></tr>
</table></td><td>3</td></tr>
<tr><td>10</td><td>മാനവവിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ:
<ul>
<li>വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു.</li>
<li>കുടുംബം വ്യക്തിയുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു.</li>
<li>വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം  പരിശീലനം എന്നിവക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.</li>
<li>രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വകസിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.</li>
</ul></td><td>3</td></tr>
<tr><td>11</td><td>ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണം:
<ul>
<li>സ്വാതന്ത്ര്യാനന്തരം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കുക എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ജനകീയപ്രക്ഷോഭങ്ങൾ ആരംഭിച്ചു.</li>
<li>തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രസംസ്ഥാനം രൂപീകരിക്കുക എന്ന ആവശ്യവുമായി പോട്ടി ശ്രീരാമലു നിരാഹാരം തുടങ്ങി.</li>
<li>അദ്ദേഹത്തിന്റെ മരണത്തെത്തുടർന്നുണ്ടായ പ്രക്ഷോഭത്തിന്റെ ഫലമായി ആന്ധ്രപ്രദേശ് സംസ്ഥാനം 1953 ൽ രൂപീകരിച്ചു.</li>
<li>ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനായി സംസ്ഥാന പുനസംഘടനാ കമ്മീഷൻ രൂപീകരിച്ചു.</li>
</ul></td><td>4</td></tr>
</table>

| | | |
|---|---|---|
| | • ഫസൽ അലി ആയിരുന്നു കമ്മീഷൻ അധ്യക്ഷൻ.<br>• 1956 ൽ ഇന്ത്യൻ സംസ്ഥാന പുനസംഘടനാനിയമം പാർലമെന്റ് പാസ്സാക്കി. | |
| **12** | **സാധനങ്ങൾ/സേവനങ്ങൾ വാങ്ങുമ്പോൾ ഉപഭോക്താവ് പ്രതീക്ഷിക്കുന്നത്:**<br>• ന്യായവില<br>• വിശ്വാസ്യത<br>• വിൽപ്പനാന്തരസേവനം<br>• ശരിയായ അളവും തൂക്കവും | **4** |
| **13** | **ചമ്പാരൻ സത്യാഗ്രഹം (1917-ബീഹാർ )**<br>• ചമ്പാരനിലെ നീലം കർഷകർ ബ്രിട്ടീഷുകാരുടെയും ജന്മിമാരുടെയും ചൂഷണത്തിനെതിരെ നടത്തിയ സമരം.<br>• ചമ്പാരനിലെ നീലം കർഷകരുടെ സമരത്തിൽ ഗാന്ധിജി ഇടപെട്ടു.<br>• നീലം കർഷകർക്ക് അനുകൂലമായ നിയമം പാസ്സാക്കാൻ അധികാരികൾ നിർബന്ധിതരായി.<br>• നിയമലംഘനവും സഹനസമരവും പോലുള്ള സമരരീതികൾ സ്വീകരിച്ചു.<br>**ഖേഡയിലെ കർഷകസമരം (1918-ഗുജറാത്ത് )**<br>• വരൾച്ചയും കൃഷിനാശവുംമൂലം ദുരിതത്തിലായിരുന്ന ഗുജറാത്തിലെ ഖേഡയിലെ കർഷകരിൽ നിന്ന് നികുതി പിരിക്കാൻ തീരുമാനിച്ച അധികാരികളുടെ നയത്തിനെതിരെ നടത്തിയ സമരം.<br>• നികുതി നിഷേധവും സത്യഗ്രഹവും സമരായുധങ്ങളായി ഉപയോഗിച്ചു.<br>• അതിന്റെ ഫലമായി സർക്കാർ നികുതിയിളവുകൾ നൽകാൻ തയ്യാറായി. | **4** |
| **14** | (see table below) | **4** |

| A | B |
|---|---|
| ഒന്നേകാൽ കോടി മലയാളികൾ | ഇ.എം.എസ്.നമ്പൂതിരിപ്പാട് |
| നിവർത്തന പ്രക്ഷോഭം | സി.കേശവൻ |
| മലയാളി മെമ്മോറിയൽ | ബാരിസ്റ്റർ ജി.പി.പിള്ള |
| ഈഴവ മെമ്മോറിയൽ | ഡോ.പൽപ്പു |

<table>
<tr><td>15</td><td>




</td><td>4</td></tr>
<tr><td colspan="3">

**PART - B**

</td></tr>
<tr><td>16</td><td>

**രാജാ റാം മോഹൻ റായ്:**

- ഇന്ത്യൻ സമൂഹത്തിന്റെ ആധുനികവൽക്കരണത്തിനായി വാദിച്ച ആദ്യത്തെയാൾ.
- ജാതിവ്യവസ്ഥയെയും സതി ആചാരത്തെയും  എതിർത്തു.
- ബംഗാളിൽ '**ബ്രഹ്മസമാജം**' എന്ന പ്രസ്ഥാനം സ്ഥാപിച്ചു.
- ഒരൊറ്റ ഇന്ത്യൻ സമൂഹം എന്ന ആശയം പ്രചരിപ്പിക്കാൻ ശ്രമിച്ചു.
- സ്ത്രീകളുടെ പദവി ഉയർത്തുന്നതിനായി സ്ത്രീകൾക്ക് സ്വത്തിന്മേൽ അവകാശം നൽകണമെന്ന് ആവശ്യപ്പെട്ടു.

**അല്ലെങ്കിൽ**

**ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ചയ്ക്കുള്ള കാരണങ്ങൾ:**

- യന്ത്രനിർമിത ബ്രിട്ടീഷ് തുണിത്തരങ്ങൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തത്.
- ഇന്ത്യയിൽ റയിൽവേ വ്യാപകമായത്.
- ബ്രിട്ടനിലേക്ക് കയറ്റുമതിചെയ്തിരുന്ന ഇന്ത്യൻ തുണിത്തരങ്ങളുടെമേൽ ഉയർന്ന നികുതി ചുമത്തിയത്.
- അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി.

</td><td>3</td></tr>
</table>

| | | |
|---|---|---|
| | • ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും പീഡനവും | |
| **17** | **വസന്തകാലത്തിന്റെ പ്രത്യേകതകൾ:**<br>• മാർച്ച് 21 മുതൽ ജൂൺ 21 വരെ ഉത്തരാർദ്ധഗോളത്തിൽ വസന്തകാലമായിരിക്കും.<br>• ശൈത്യകാലത്തിൽ നിന്നും വേനൽകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണിത്.<br>• ചെടികൾ തളിർക്കുന്നതും,പുഷ്പിക്കുന്നതും,മാവ്പൂക്കുന്നതും,പ്ലാവുകളിൽ ചക്കയുണ്ടാകുന്നതും ഈ കാലത്തിന്റെ പ്രത്യേകതയാണ് .<br>**അല്ലെങ്കിൽ**<br>**ചക്രവാതങ്ങൾ**<br>• അന്തരീക്ഷത്തിൽ ഒരു ന്യൂനമർദപ്രദേശവും അതിനുചുറ്റമായി ഉച്ചമർദവും സൃഷ്ടിക്കപ്പെടുന്നത് ചക്രവാതങ്ങൾ രൂപംകൊള്ളുന്നതിന് കാരണമാകുന്നു.<br>• ന്യൂനമർദകേന്ദ്രത്തിലേക്ക് ചുറ്റുമുള്ള ഉച്ചമർദപ്രദേശങ്ങളിൽ അതിശക്തമായി കാറ്റ് ചുഴറ്റിവീശുന്നു.<br>• **ഉത്തരാർദ്ധഗോളത്തിലെ ചക്രവാതങ്ങളിൽ കാറ്റ് എതിർഘടികാരദിശയിൽ വീശുന്നു.**<br>• **ദക്ഷിണാർദ്ധഗോളത്തിൽ ഇത് ഘടികാരദിശയിലാണ്.** | **3** |
| **18** | **1857 ലെ വിപ്ലവത്തിന്റെ കാരണങ്ങൾ:**<br>**രാജാക്കന്മാരുടെ പ്രശ്നങ്ങൾ**<br>• ദത്തവകാശനോരോധന നയം.<br>• ദുർഭരണം ആരോപിച്ച് ബ്രിട്ടീഷുകാർ നാട്ടുരാജ്യങ്ങൾ പിടിച്ചെടുത്തത്.<br>**ശിപായിമാരുടെ ദുരിതങ്ങൾ**<br>• ശിപായിമാരുടെ തുച്ഛമായ ശമ്പളം.<br>• പശുവിന്റെയും പന്നിയുടെയും കൊഴുപ്പ് പുരട്ടിയ തിരകൾ സൈന്യത്തിൽ ഉപയോഗിക്കുന്നു എന്ന പ്രചാരണം.<br>• ബ്രിട്ടീഷ് ഉദ്യോഗസ്ഥരിൽ നിന്നുള്ള അവഹേളനം.<br>**അല്ലെങ്കിൽ**<br>**നിയമം മൂലം ബ്രിട്ടീഷുകാർ നിരോധിച്ച അനാചാരങ്ങൾ:**<br>• 12 വയസ്സിന് താഴെ പ്രായമുള്ള പെൺകുട്ടികളുടെ വിവാഹത്തിന് വിലക്കേർപ്പെടുത്തി.<br>• പെൺ ശിശുഹത്യ നിരോധിച്ചു.<br>• സതി നിരോധിച്ചു.<br>• വിധവാ പുനർവിവാഹം നടപ്പിലാക്കി.<br>• അടിമത്തം നിരോധിച്ചു.<br>• ശൈശവ വിവാഹവും ബഹുഭാര്യത്വവും നിരോധിച്ചു. | **3** |
| **19** | **(a)ഇലക്ട്രോണിക് ബാങ്കിങ്**<br>• നെറ്റ് ബാങ്കിങ്ങിലൂടെയും ടെലി ബാങ്കിങ്ങിലൂടെയും എല്ലാവിധ ഇടപാടുകളും നടത്താൻ കഴിയുന്ന രീതി.<br>• എല്ലാ സമയത്തും ബാങ്കിങ്,എല്ലായിടത്തും ബാങ്കിങ്,നെറ്റ് ബാങ്കിങ്,മൊബൈൽ ബാങ്കിങ് എന്നിവ ഇതിന്റെ ഭാഗമാണ്.<br>• ബാങ്കിങ് ഉപകാരണങ്ങളുടെയോ ഉദ്യോഗസ്ഥരുടെയോ സഹായം ഇതിനാവശ്യമില്ല. | |



Visit www.shenischool.in To Join our Telegram group click https://t.me/joinchat/VggdwFAM7WwuQOCi

| | | |
|---|---|---|
| | **(b)** **കോർ ബാങ്കിങ്**<br>• എല്ലാ ബാങ്കുകളുടെയും ശാഖകൾ ഒരു സെൻട്രൽ സർവറിന്റെ കീഴിൽ കൊണ്ടുവന്ന് ബാങ്കിങ് സേവനങ്ങൾ ഒരു ബാങ്കിൽ നിന്നും മറ്റൊരു ബാങ്കിലേക്ക് സാധ്യമാകുന്ന തരത്തിൽ ക്രമീകരിച്ചിട്ടുള്ള സൗകര്യം.<br>• ഇതുവഴി എ.ടി.എം,ഡെബിറ്റ് കാർഡ്,ക്രഡിറ്റ് കാർഡ്,നെറ്റ് ബാങ്കിങ്,മൊബൈൽ ബാങ്കിങ്,ടെലിബാങ്കിങ് എന്നിവയെല്ലാം ഒരു കുടക്കീഴിൽ വന്നു.<br>• ഇതോടെ ബാങ്കിങ് ഇടപാടുകൾ ലളിതമായി.<br>**അല്ലെങ്കിൽ**<br>**ഇന്ത്യയിൽ പൊതുകടം വർധിക്കുന്നതിനുള്ള കാരണങ്ങൾ**<br>• പ്രതിരോധരംഗത്തെ വർധിച്ച ചെലവ്.<br>• ജനസംഖ്യാവർദ്ധനവ്.<br>• സാമൂഹികക്ഷേമപ്രവർത്തനങ്ങൾ.<br>• വികസനപ്രവർത്തനങ്ങൾ. | **4** |
| **20** | **പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ**<br>• കുടുംബം<br>• വിദ്യാഭ്യാസം<br>• സംഘടനകൾ<br>• സാമൂഹ്യവ്യവസ്ഥ രാഷ്ട്രീയവ്യവസ്ഥ<br>**അല്ലെങ്കിൽ**<br>**വിവേചനപരമായ ചുമതലകൾ:**<br>• ആരോഗ്യ സംരക്ഷണം നൽകുക.<br>• ക്ഷേമപദ്ധതികൾ നടപ്പാക്കുക.<br>• വിദ്യാഭ്യാസ സൗകര്യം ഒരുക്കുക.<br>• ഗതാഗതസൗകര്യം ഒരുക്കുക. | **4** |
| **21** | **ഉപഗ്രഹ വിദൂരസംവേദനം**<br>• കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന സെൻസറുകൾ വഴി വിവരശേഖരണം നടത്തുന്ന പ്രക്രിയ.<br>**ഉപഗ്രഹ ഛായാ ചിത്രങ്ങൾ**<br>• കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള സെൻസറുകൾ ഭൂതലത്തിലെ വിവിധ വസ്തുക്കളെ അവയുടെ സ്പെക്ട്രൽ സിഗ്നേച്ചറിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞ് വിവരങ്ങൾ സംഖ്യാരൂപത്തിൽ ഭൂതലകേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നു.<br>• അവ കമ്പ്യൂട്ടറിന്റെ സഹായത്താൽ വ്യാഖ്യാനിച്ച് ചിത്രരൂപത്തിലാക്കുന്നു.<br>• ഇവയാണ് ഉപഗ്രഹ ചിത്രങ്ങൾ.<br>**അല്ലെങ്കിൽ**<br>**i. 327872**<br>**ii. നീരുറവ**<br>**iii. 3286** | **4** |

<table>
<tr><td></td><td>iv. ശവപ്പറമ്പ്</td><td></td></tr>
<tr><td>22</td><td>പൗരബോധം നേരിടുന്ന വെല്ലുവിളികൾ തരണം ചെയ്യാനുള്ള മാർഗങ്ങൾ:
<ul>
<li>ഓരോരുത്തരും അവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.</li>
<li>പൊതുതാത്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താത്പര്യങ്ങൾക്കായി പരിശ്രമിക്കുക.</li>
<li>മറ്റുള്ളവരിൽനിന്നു പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽ നിന്ന് തുടങ്ങുക.</li>
<li>ജനാധിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക.</li>
<li>അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യപരിഗണന നൽകുക.</li>
</ul>
അല്ലെങ്കിൽ<br>
രാഷ്ട്രരൂപീകരണവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ:
<ul>
<li>ദൈവദത്ത സിദ്ധാന്തം</li>
<li>പരിണാമ സിദ്ധാന്തം</li>
<li>സാമൂഹിക ഉടമ്പടി സിദ്ധാന്തം</li>
<li>ശക്തി സിദ്ധാന്തം</li>
</ul></td><td>4</td></tr>
<tr><td>23</td><td>സഹകരണ ബാങ്കുകളുടെ ലക്ഷ്യങ്ങൾ:
<ul>
<li>ജനങ്ങൾക്ക് വായ്പ നൽകുക.</li>
<li>സ്വകാര്യ പണമിടപാട് നടത്തുന്ന വ്യക്തികളിൽ നിന്ന് ഗ്രാമീണരെ രക്ഷിക്കുക.</li>
<li>കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുക.</li>
<li>ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുക.</li>
</ul>
അല്ലെങ്കിൽ
<table>
<tr><th>സർചാർജ്</th><th>സെസ്സ്</th></tr>
<tr><td><ul>
<li>ഒരാളുടെ നികുതിക്കുമേൽ ചുമത്തുന്ന അധികനികുതി.</li>
<li>ഒരു നിശ്ചിതകാലത്തേക്ക് ചുമത്തുന്നു.</li>
<li>സാധാരണ വരുമാന നികുതിയുടെ നിശ്ചിതശതമാനമാണ് സർചാർജായി ഈടാക്കുന്നത്.</li>
</ul></td><td><ul>
<li>സർക്കാർ ചില പ്രത്യേക ആവശ്യങ്ങൾക്കായി ചുമത്തുന്ന അധികനികുതി.</li>
<li>ആവശ്യത്തിന് പണം ലഭിച്ചു കഴിഞ്ഞാൽ സെസ്സ് നിർത്തലാക്കാം.</li>
<li>ഉദാ: വിദ്യാഭ്യാസ സെസ്സ്</li>
</ul></td></tr>
</table></td><td>4</td></tr>
<tr><td>24</td><td><u>പ്രാദേശിക സമയം</u>
<ul>
<li>തലയ്ക്കു മുകളിലായി സൂര്യ എത്തുന്നത് ഉച്ചയ്ക്ക് 12 മണി എന്ന് കണക്കാക്കുന്നു.</li>
<li>ഓരോ സ്ഥലത്തും ഇപ്രകാരം സൂര്യന്റെ സ്ഥാനത്തെ ആധാരമാക്കി നിർണയിക്കുന്ന സമയത്തെയാണ് പ്രാദേശിക സമയം എന്ന് പറയുന്നത്.</li>
</ul>
<u>സ്റ്റാൻഡേർഡ് സമയം</u>
<ul>
<li>രാജ്യങ്ങളുടെ കേന്ദ്ര ഭാഗത്തുകൂടി കടന്നുപോകുന്ന രേഖാംശത്തിലെ പ്രാദേശിക സമയത്തെ രാജ്യത്ത് മുഴുവൻ പൊതുസമയമായാണ് സാധാരണ കണക്കാക്കുന്നത്.</li>
<li>ലോകത്തിലെ ഓരോ രാജ്യവും ഏതാണ്ട് മധ്യത്തിലൂടെ കടന്നുപോകുന്ന</li>
</ul></td><td></td></tr>
</table>

| | | |
|---|---|---|
| | രേഖാംശരേഖയെ മാനകരേഖാംശമായി പരിഗണിക്കുന്നു.<br>• മാനകരേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ സ്റ്റാൻഡേർഡ് സമയം.<br>**<u>സ്റ്റാൻഡേർഡ് സമയം-പ്രാധാന്യം</u>**<br>• രാജ്യത്ത് മുഴുവൻ ബാധകമായ ഒരു പൊതുസമയം നിർണയിക്കാൻ സാധിക്കുന്നു.<br>**അല്ലെങ്കിൽ**<br>**<u>മധ്യരേഖാ ന്യൂനമർദ്ദമേഖല.</u>**<br>• മധ്യരേഖയ്ക്ക് തെക്ക് $5^0$ മുതൽ വടക്ക് $5^0$ വരെ അക്ഷാംശങ്ങൾക്കിടയിൽ.<br>• വർഷം മുഴുവൻ സൂര്യരശ്മികൾ ലംബമായി പതിക്കുന്നു.<br>• സൂര്യന്റെ ചൂടേറ്റ് വായു വികസിക്കുകയും ഉയരുകയും ചെയ്യുന്നതിനാൽ ഇവിടെ ന്യൂനമർദ്ദം അനുഭവപ്പെടുന്നു.<br>• 'നിർവാതമേഖല' എന്നും അറിയപ്പെടുന്നു<br>**<u>ഉപോഷ്ണ ഉച്ചമർദമേഖല</u>**<br>• രണ്ട് അർദ്ധഗോളങ്ങളിലും $30^0$ അക്ഷാംശങ്ങളിൽ.<br>• മധ്യരേഖാ പ്രദേശത്തുനിന്നു ചൂടുപിടിച്ച് ഉയരുന്ന വായു ക്രമേണ തണുത്ത് ഭ്രമണത്തിന്റെ സ്വാധീനത്താൽ ഉപോഷ്ണമേഖലയിൽ എത്തുമ്പോഴേക്കും താഴുന്നതിനാൽ ഈ മേഖലയിലുടനീളം ഉച്ചമർദം അനുഭവപ്പെടുന്നു.<br>➢ വാണിജ്യവാതങ്ങൾ. | **5** |
| **25** | **<u>സൺ യാത് സെൻന്നിന്റെ റിഷബ്ളിക്:</u>**<br>• 1911 ൽ ഡോ.സൺ യാത് സെന്നിന്റെ നേതൃത്വത്തിൽ മഞ്ചു രാജഭരണത്തിനെതിരായി ചൈനയിൽ വിപ്ലവം നടന്നു.<br>• ഇത് ചൈനയിൽ രാജവാഴ്ചയ്ക്ക് അന്ത്യം കുറിച്ചു.<br>• തുടർന്ന് ദക്ഷിണ ചൈനയിൽ സൻയാത് സെന്നിന്റെ നേതൃത്വത്തിൽ കുമിന്താങ് പാർട്ടി ഒരു റിപ്പബ്ലിക്കൻ ഭരണം സ്ഥാപിച്ചു.<br>• സൺ യാത് സെൻ ദേശീയത,ജനാധിപത്യം,സോഷ്യലിസം എന്നീ മൂന്ന് ആശയങ്ങൾക്ക് പ്രാധാന്യം നൽകി.<br>**<u>മാവോ സെ തുംഗ്</u>**<br>• ചൈനീസ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതാവ്.<br>• 1934 ൽ ലോങ് മാർച്ച് സംഘടിപ്പിച്ചു.<br>• ധാരാളം കൃഷി ഭൂമിയും അനേകം ഗ്രാമങ്ങളും പ്രഭുക്കന്മാരിൽ നിന്ന് പിടിച്ചെടുത്ത് കർഷകർക്ക് നൽകി.<br>• മാവോയുടെ നേതൃത്വത്തിലുള്ള ചുവപ്പുസേന ചിയാങ് കൈഷക്കിനെ പരാജയപ്പെടുത്തി കുമിന്താങ് ഭരണത്തിന്റെ കേന്ദ്രം കൈക്കലാക്കി.<br>• 1949 ഒക്ടോബർ 1 ന് ചൈന മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ ജനകീയ റിപ്പബ്ളിക്കായി.<br>**<u>അല്ലെങ്കിൽ</u>**<br>**ഒന്നാം ലോക യുദ്ധത്തിന്റെ കാരണങ്ങൾ:**<br>**<u>സൈനിക സഖ്യങ്ങൾ</u>**<br>• ജർമ്മനി ,ആസ്ട്രിയ -ഹംഗറി ,ഇറ്റലി എന്നി രാജ്യങ്ങൾ ചേർന്ന് **ത്രികക്ഷിസഖ്യം** | **6** |

രൂപികരിച്ചു.

- ഇംഗ്ലണ്ട്,ഫ്രാൻസ്,റഷ്യ എന്നി രാജ്യങ്ങൾ ചേർന്ന് **ത്രികക്ഷിസൗഹാർദ്ദം** രൂപികരിച്ചു.
- ഇത്തരം സഖ്യങ്ങളുടെ രൂപീകരണം യൂറോപ്പിൽ ഒരു യുദ്ധാന്തരീക്ഷം സൃഷ്ടിച്ചു.

**<u>തീവ്രദേശീയത</u>**

- മറ്റ് രാജ്യങ്ങളെയും അവരുടെ കൈവശമുള്ള പ്രദേശങ്ങളെയും കിഴടക്കുന്നതിനുള്ള മാർഗമെന്ന നിലയിൽ യൂറോപ്യൻ രാജ്യങ്ങൾ ദേശീയതയെ ഉപയോഗിച്ചു ഇതാണ് തീവ്രദേശീയത.
- തീവ്രദേശീയതയുടെ വളർച്ച യൂറോപ്പിൽ ചില പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിന് കാരണമായി - പാൻ സ്ലാവ് പ്രസ്ഥാനം ,പാൻ ജർമ്മൻ പ്രസ്ഥാനം,പ്രതികാര പ്രസ്ഥാനം

**<u>സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ</u>**

- സാമ്രാജ്യത്വ കിടമത്സരങ്ങൾ യൂറോപ്യൻ രാജ്യങ്ങളെ ചില പ്രതിസന്ധികളിലേക്ക് നയിച്ചു.
- അവയിൽ പ്രധാനപ്പെട്ടവയാണ് മൊറോക്കൻ പ്രതിസന്ധി,ബാൾക്കൻ പ്രതിസന്ധി.

**<u>മൊറോക്കൻ പ്രതിസന്ധി</u>**

- 1904 ൽ ബ്രിട്ടനും ഫ്രാൻസും തമ്മിലൊപ്പിട്ട രഹസ്യസന്ധിയനുസരിച്ച് മൊറോക്കോയിൽ ഫ്രാൻസിന്റെ ആധിപത്യം ബ്രിട്ടൻ അംഗീകരിച്ചു.
- എന്നാൽ മൊറോക്കോ കൈവശപ്പെടുത്താനാഗ്രഹിച്ച ജർമനി ഇതംഗീകരിച്ചില്ല.
- ഫ്രഞ്ച് കോംഗോയുടെ ചില ഭാഗങ്ങൾ ജർമ്മനിക്ക് നൽകി ഫ്രാൻസ് ഈ പ്രശ്നം പരിഹരിച്ചു.

**<u>ബാൾക്കൻ പ്രതിസന്ധി</u>**

- ബാൽക്കൻ മേഖല ഓട്ടോമൻ തുർക്കിയുടെ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു.
- 1921 ൽ ബാൽക്കൻ സഖ്യം തുർക്കിയെ പരാജയപ്പെടുത്തി.
- എന്നാൽ യുദ്ധത്തിന്റെ നേട്ടങ്ങൾ പങ്കിട്ടെടുക്കുന്നതിൽ ബാൽക്കൻ സഖ്യത്തിലെ രാഷ്ട്രങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി.
- ഇത് ബാൽക്കൻ രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾക്ക് കാരണമായി.

***COLIN JOSE.E***                ***BIJU.M***

***DR.AMMRHSS KATTELA***                ***GHSS PARAPPA***

***THIRUVANANTHAPURAM***                ***KASARGOD***